ഇടുക്കി, എറണാകുളം ജില്ലകളിലെ കാർഷിക മേഖലയുടെ മുഖച്ഛായ മാറ്റാൻ പറ്റുന്ന ഒരു പദ്ധതിയാണ് ഇത്. അവിടുത്തെ കർഷകരുടെ വിചാരമെല്ലാം അറിയാവുന്ന ജലസേചന വകുപ്പു മന്ത്രി എവിടെ നിന്നെങ്കിലും മൂന്നു കോടി രൂപ വകമാറ്റി ഈ പദ്ധതിക്കു വേണ്ടി ഉപയോഗിച്ച് ആ നാട്ടുകാരെ തകർച്ചയിൽ നിന്നു രക്ഷിക്കണം എന്നഭ്യർത്ഥിക്കുകയാണ്.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രയാസങ്ങളും ഞാനും മനസ്സിലാക്കുന്നുണ്ട്. 1986–87–ലെ ബഡ്ജറ്റ് അനുസരിച്ച് പ്ലാനിൽ രണ്ടു കോടി രൂപയാണ് മൂവാറ്റുപുഴ റിവർവാലിക്കുവേണ്ടി വച്ചിരിക്കുന്നത്. രണ്ടുകോടി രൂപകൊണ്ട് എന്തുചെയ്യുമെന്ന് അറിഞ്ഞുകൂടാ. ഒരു കോടി എൺപതുലക്ഷം രൂപയുടെ ബില്ല് കൊടുക്കാനുണ്ട്. ഒരു കാര്യം ധനകാര്യമന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്. അറിയർ ബില്ല് കൊടുക്കുന്നതിനുവേണ്ടി കുറേ മാറ്റിവച്ചതിൽ നിന്ന് മൂവാറ്റുപുഴ റിവർവാലിക്കുവേണ്ടി കൊടുക്കേണ്ട അറിയർ തീർക്കാൻ ഉദ്ദേശിക്കുകയാണ്. ധനകാര്യമന്ത്രിയുമായി ചർച്ച ചെയ്തു, രൂപ തരാമെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്.

(5) കരുനാഗപ്പള്ളി ഗവൺമെൻറ് സ്കൂളിന്റെ ശോച്യാവസ്ഥ

ശ്രീ. ടി. വി. വിജയരാജൻ: സർ, കരുനാഗപ്പള്ളി ഗവൺമെൻറ് ഹൈസ്കൂളിന്റെ ശോചനീയസ്ഥിതി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. ആറേഴുവർഷങ്ങൾക്കു മുൻപ് മിഡിൽസ്കൂളായി പ്രവർത്തിച്ചിരുന്നതാണ്. അത് അപ്ഗ്രേഡ് ചെയ്ത് ഇപ്പോൾ ഹൈസ്കൂളാക്കി. ഫ്ളഡ് റിലീഫിൽ രണ്ടു ഷെഡ്ഡുകളും കെട്ടിയതൊഴിച്ചാൽ അവിടെ മറ്റു കെട്ടിടങ്ങളൊന്നും ഉണ്ടായിട്ടില്ല. 34 ഡിവിഷനുകളോളം ഇന്ന് അവിടെയുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ അവിടെവന്ന് കണ്ട് ബോദ്ധ്യപ്പെട്ടതും മെമ്മോറാണ്ടം സ്വീകരിച്ചതുമാണ്. അത് വിദ്യാഭ്യാസമന്ത്രിക്ക് കൊടുത്തുകാണുമെന്ന് വിശ്വസിക്കുന്നു. കഴിയുന്നത്ര വേഗം ഈ ഗവൺമെൻറ് ഹൈസ്കൂളിന് കരുനാഗപ്പള്ളിക്ക് അനുയോജ്യമായ നിലയിൽ ഒരു മൂന്നുനിലകെട്ടിടം ഈ ഗവൺമെൻറിന്റെ കാലത്തു തന്നെ പണിതുതരാൻ നടപടികളും സ്വീകരിക്കണമെന്നഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, കരുനാഗപ്പള്ളി ഗവൺമെൻറ് സ്കൂളിൽ 54 ഡിവിഷനാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. പക്ഷേ അവിടെ 30 ഡിവിഷൻ പ്രവർത്തിക്കാനുള്ള കെട്ടിടങ്ങൾ മാത്രമേയുള്ളൂ. അതുകൊണ്ട് സെഷണൽ സമ്പ്രദായമാണ് ഇപ്പോൾ നിലവിലുള്ളത്. ആർ. എൽ. ഇ. ജി. പി. സ്കീമിൽ ഒരു കെട്ടിടത്തിന്റെ പണി നടന്നുവരുന്നുണ്ട്. പണത്തിന്റെ ലഭ്യതയനുസരിച്ച് ബാക്കിയുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(6) കോട്ടായി പഞ്ചായത്ത് ഡിസ്പെൻസറിയുടെ ശോച്യാവസ്ഥ

ശ്രീ. ടി. കെ. ആറുമുഖൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ കോട്ടായി പഞ്ചായത്തിൽ ഒരു ഗവൺമെൻറ് ഡിസ്പെൻസറിയുണ്ട്. അഞ്ചുസെൻറ് സ്ഥലത്ത് ഗവൺമെൻറ് കെട്ടിടവും 80 സെൻറ് സ്ഥലത്ത് വാടകക്കെട്ടിടവുമാണ്. അഞ്ചുസെൻറ് സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഗവൺമെൻറ് കെട്ടിടം ഇന്നുവരെ പി. ഡബ്ലിയു.ഡി. അറ്റകുറ്റപ്പണികളും നടത്തുന്ന ലിസ്റ്റിൽ പെടുത്തിയിട്ടില്ല. 1957–ൽ

LIBRARY ARCHIVES Kerala Legislative Assembly